**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3242** **13-07-2022 - ൽ മറുപടിയ്ക്ക്**

**താലൂക്കുകളും സബ് താലൂക്കുകളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കേരള സംസ്ഥാന രൂപീകരണ സമയത്ത് എത്ര താലൂക്കുകളും സബ് താലൂക്കുകളും ഉണ്ടായിരുന്നുവെന്ന് വ്യക്തമാക്കാമോ; | (എ) | 1961-ലെ സെൻസസ് രേഖകളുടെ അടിസ്ഥാനത്തിൽ 55താലൂക്കുകൾ ഉണ്ടായിരുന്നു. |
| (ബി) | ഇപ്പോൾ അവയുടെ എണ്ണം എത്രയാണ്; | (ബി) | ഇപ്പോൾ 78 താലൂക്കുകൾ നിലവിലുണ്ട്. |
| (സി) | എല്ലാ സബ് താലൂക്കുകളും താലൂക്കുകളായി ഉയർത്തിയിട്ടും കുന്ദമംഗലം മാത്രം താലൂക്കായി ഉയർത്തിയിട്ടില്ല എന്ന കാര്യം സർക്കാർ ശ്രദ്ധിച്ചിട്ടുണ്ടോ; | (സി) | ഉണ്ട് |
| (ഡി) | പ്രസ്തുത ഓഫീസ് യാതൊരു അധികാരവും സേവനവുമില്ലാതെ തുടരുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഇ) | കേരളത്തിലെ മുഴുവൻ സബ് താലൂക്കുകളും താലൂക്ക് ആയി ഉയർത്താൻ സർക്കാർ തയ്യാറാവുമോ? | (ഇ) | സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ, സാമ്പത്തിക ബാധ്യത സൃഷ്ടിക്കുന്ന പ്രസ്തുത ശിപാർശകൾ പരിഗണിക്കാനാവില്ലെന്നതിനാൽ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ